LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. മിനിസ്റ്റീരിയൽ സ്റ്റാഫിന് വിദേശത്ത് പോകാൻ ശമ്പളരഹിത അവധി

189 (5594) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് വിദേശത്ത് ജോലിക്ക് പോകുന്നതിന് ശമ്പളരഹിത അവധി നൽകുന്നുണ്ടോ ;

(ബി) അഞ്ച് വർഷം ശൂന്യവേതനാവധി എടുത്ത കെ.എസ്.ഇ.ബി-യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് അവധി നീട്ടികൊടുക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ;

(സി) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്കും എഞ്ചിനീയർമാർക്കും മേലിൽ അവധി നൽകേണ്ടതില്ലെന്നും, അവധി നൽകിയിട്ടുള്ള ഇതേ കാറ്റഗറിയിൽ പെടുന്നവർക്ക് പ്രസ്തുത അവധിയുടെ കാലാവധിക്ക് ശേഷം ഈ ആനുകൂല്യം നീട്ടികൊടുക്കുന്നില്ലെന്നുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനം മിനിസ്റ്റീരിയൽ സ്റ്റാഫിനു ബാധകമാണോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 5 വർഷത്തേക്ക് മാത്രമേ ശൂന്യവേതനാവധി അനുവദിക്കുകയുള്ളൂ.

(സി) ബാധകമാണ്.

കെ.എസ്.ഇ.ബി.യിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ

190 (5595) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) യുടെ Endt. No.EB3 (9) 2222/2003 dated 20-12-2003 ഉത്തരവ് പ്രകാരം സൂപ്രണ്ട്/ സീനിയർ- സൂപ്രണ്ട് (എൻ.സി) എന്നീ തസ്തികകളിൽ നിന്നും സീനിയർ സൂപ്രണ്ടുമാരായി എത്ര ആൾക്കാരെ പ്രൊമോട്ട് ചെയ്ത് നിയമിച്ചു ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) 20-12-2003-ലെ ഉത്തരവിനു ശേഷം ഇതുവരെ സൂപ്രണ്ട്/ സീനിയർ സൂപ്രണ്ട് (എൻ.സി) എന്നീ തസ്തികകളിൽ നിന്നും സീനിയർ സൂപ്രണ്ടുമാരായി പ്രമോട്ടു ചെയ്തു കൊണ്ടുള്ള എത്ര ബോർഡ് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; ഇറങ്ങിയ ഉത്തരവുകളുടെ കോപ്പിയും ഉദ്യോഗാർത്ഥികളുടെ പേരും ലഭ്യമാക്കുമോ ;